**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 98** **12-01-2021 - ൽ മറുപടിയ്ക്ക്**

**കേരള പോലീസ് നിയമത്തിലെ 118 എ വകുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിന് കേരള പോലീസ് നിയമത്തിൽ 118 എ എന്ന വകുപ്പ് കൂട്ടിച്ചേർത്തുകൊണ്ടുള്ള ഒരു ഭേദഗതി ഓർഡിനൻസിലൂടെ കൊണ്ടുവന്നിരുന്നോ; | (എ) | സംസ്ഥാനത്ത് സമൂഹമാധ്യമങ്ങളിലൂടെയുള്ള അപമാനിക്കപ്പെടുന്നതോ ഭീഷണിപ്പെടുത്തുന്നതോ ആയ സംഭവങ്ങൾ പ്രചരിപ്പിക്കുന്നത് തടയുക എന്ന ഉദ്ദേശ്യത്തോടെ 2011 ലെ കേരള പോലീസ് ആക്റ്റിൽ 118 (A) എന്ന വകുപ്പ് കൂട്ടിച്ചേർത്തുകൊണ്ട് 21.11.2020 ൽ അസാധാരണ ഗസറ്റ് വിജ്ഞാപനമായി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. |
| (ബി) | ഭരണഘടനാ വ്യവസ്ഥകൾക്ക് നിരക്കാത്തതും പോലീസിന് അമിതാധികാരം നൽകുന്നതും ദുരുപയോഗം ചെയ്യുന്നതിന് ഇടയുള്ളതുമായ പ്രസ്തുത ഭേദഗതി കൊണ്ടുവരുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | സ്ത്രീത്വത്തെ അപമാനിക്കൽ, വ്യാജ വാർത്തകൾ പ്രചരിപ്പിക്കൽ എന്നിവ ഉൾപ്പെടെ വ്യക്തികളെ തേജോവധം ചെയ്യുന്നതും അവരുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ ചില വാർത്തകൾ, പരാമർശങ്ങൾ എന്നിവ സമൂഹമാധ്യമങ്ങളിലൂടെ ഉൾപ്പെടെ പ്രചരിക്കുന്നതായുള്ള വളരെ ഗുരുതരമായ പരാതികൾ സർക്കാരിന്റെ മുമ്പിൽ വിവിധ സന്ദർഭങ്ങളിൽ ഉന്നയിക്കപ്പെട്ടിരുന്നു. അസത്യമാണെന്ന് ബോധപൂർവ്വമായ അറിവോടുകൂടി പ്രചരിപ്പിക്കപ്പെടുന്ന വാർത്തകളെയാണ് പോലീസ് ആക്റ്റിൽ 118 (A) കൂട്ടിച്ചേർത്തു കൊണ്ടുള്ള ഭേദഗതിയിലൂടെ നിയന്ത്രിക്കാൻ ഉദ്ദേശിച്ചത്. |
| (സി) | ജനങ്ങളെ പൊതുവിൽ ബാധിക്കുന്നതും ദേശീയമായി തന്നെ പ്രാധാന്യം ഉള്ളതുമായ വിഷയത്തിൽ പുതിയ ഒരു നയം രൂപീകരിക്കുമ്പോഴും അതിനായി നിയമനിർമ്മാണം നടത്തുമ്പോഴും ചെയ്യേണ്ട രാഷ്ട്രീയമായ പരിശോധനയും വിശകലനവും ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ; | (സി) | സ്ത്രീത്വത്തെ അപമാനിക്കൽ, വ്യാജ വാർത്തകൾ പ്രചരിപ്പിക്കൽ എന്നിവ ഉൾപ്പെടെ വ്യക്തികളെ തേജോവധം ചെയ്യുന്നതും അവരുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ ചില വാർത്തകൾ, പരാമർശങ്ങൾ എന്നിവ സമൂഹമാധ്യമങ്ങളിലൂടെ ഉൾപ്പെടെ പ്രചരിക്കുന്നതായുള്ള വളരെ ഗുരുതരമായ പരാതികൾ സർക്കാരിന്റെ മുമ്പിൽ വിവിധ സന്ദർഭങ്ങളിൽ ഉന്നയിക്കപ്പെട്ടിരുന്നു. അസത്യമാണെന്ന് ബോധപൂർവ്വമായ അറിവോടുകൂടി പ്രചരിപ്പിക്കപ്പെടുന്ന വാർത്തകളെയാണ് പോലീസ് ആക്റ്റിൽ 118 (A) കൂട്ടിച്ചേർത്തു കൊണ്ടുള്ള ഭേദഗതിയിലൂടെ നിയന്ത്രിക്കാൻ ഉദ്ദേശിച്ചത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏതെങ്കിലും പരാതി ലഭിക്കുകയോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | തിരുവനന്തപുരം വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ, സംസ്ഥാനത്ത് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ